**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6455** **20-03-2023 - ൽ മറുപടിയ്ക്ക്**

**അച്ചൻകോവിലാറിന്റെ നീരൊഴുക്ക് സുഗമമാക്കുവാൻ സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | അച്ചൻകോവിലാറിലെ നീരൊഴുക്ക് തടസ്സപ്പെടുത്തുന്ന നിലയിൽ നിറഞ്ഞ ചെളിയും മണലും നീക്കം ചെയ്യുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; | (എ) | അച്ചൻകോവിലാറിലെ നീരൊഴുക്ക് തടസ്സപ്പെടുത്തുന്ന നിലയിൽ നിറഞ്ഞ ചെളിയും മണലും എക്കലും മറ്റു മാലിന്യങ്ങളും നീക്കം ചെയ്യുന്ന പ്രവൃത്തി ഭാഗികമായി നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | അച്ചൻകോവിലാർ മാവേലിക്കര മണ്ഡലത്തിലൂടെ കടന്നുപോകുന്ന ഭാഗത്ത് നീരൊഴുക്ക് സുഗമമാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | മാവേലിക്കര മണ്ഡലത്തിലെ അച്ചൻകോവിലാർ കടന്നുപോകുന്ന മണ്ഡപത്തിൻകടവ് ഭാഗത്തെ നീരൊഴുക്ക് തടസ്സപ്പെടുത്തുന്ന നിലയിൽ നിറഞ്ഞ ചെളിയും മണലും എക്കലും നീക്കം ചെയ്യുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. തഴക്കര പഞ്ചായത്തിലെ പുലക്കടവ് ഭാഗത്ത് അടിഞ്ഞുകൂടിയ എക്കലും ചെളിയും മണ്ണും നീക്കം ചെയ്യുന്നതിനെതിരെ പ്രദേശവാസികൾ തടസ്സം ഉന്നയിച്ചതിനാൽ റവന്യൂ അധികാരികൾ അളന്ന് തിട്ടപ്പെടുത്തി പുറമ്പോക്ക് നിർണ്ണയിച്ചാൽ മാത്രമേ പ്രവൃത്തി നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ. |
| (സി) | പ്രസ്തുത പ്രദേശത്ത് തീരസംരക്ഷണ ഭിത്തി നിർമ്മിച്ച് സുരക്ഷിതമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | പ്രസ്തുത പ്രദേശത്ത് തീര സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനായി താഴെ പറയുന്ന 3 പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ട്.<br><br>1. Achankovil river - protecting the eroded banks of Achenkovil river in Chengannur constituency.<br><br>2. Achenkovil river - protecting the eroded banks of Achenkovil river in Harippad constituency<br><br>3. General - protection work - budget speech - 2022-23 - protecting the left and right banks of Puthanar and right bank of Achenkovil river of Chengannur constituency. |

| | | | |
|---|---|---|---|
| | | | ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തി നടപ്പിലാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ